(ഡി) പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണത്തനായി നിശ്ചയിച്ച ലളിതമായ വ്യവസഥകൾ ഇപ്പോൾത്തന്നെ നിലവിലുണ്ട്.

വിനോദ സഞ്ചാര ജില്ലകളിലേക്ക് യാത്രാ സൗകര്യം വർദ്ധിപ്പിക്കാൻ നടപടി

*10 (410) ശ്രീ. എം. മുരളി:
,, ടി. യു. രാധാകൃഷ്ണൻ:
,, ഡി. സുഗുതൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളെ വിനോദസഞ്ചാര ജില്ലകളാക്കി പ്രഖ്യാപിച്ചിട്ടുണ്ട്;

(ബി) ഈ ജില്ലകളിലേക്കുള്ള യാത്രാസൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ എന്തെല്ലാം പരിപാടികളാണ് ആവിഷ്കരിച്ചിരിക്കുന്നത്;

(സി) വയനാട് ജില്ലയിലേക്ക് മലയടിവാരത്ത് നിന്നുള്ള റോഡിലെ ഹെയർപിൻ കർവുകളുടെ കാഠിന്യം കുറയ്ക്കുവാൻ വിനോദസഞ്ചാര വകുപ്പു എന്തെങ്കിലും പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) പ്രത്യേകമായി ഒരു ജില്ലയേയും പ്രഖ്യാപിച്ചിട്ടില്ല. കേരളത്തിൽ എല്ലാ ജില്ലകളിലും വിനോദസഞ്ചാര വികസനത്തിനുള്ള സാദ്ധ്യതകളുണ്ട്.

(ബി) ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്കുള്ള യാത്രാ സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഉത്തരവാദിത്തം പൂർണ്ണമായി ടൂറിസം വകുപ്പിന്റേതല്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, പൊതുമരാമത്ത് വകുപ്പും, ട്രാൻസ്പോർട്ട് വകുപ്പും, ജലഗതാഗത വകുപ്പും മറ്റുമാണ് നേരിട്ട് ഈ മേഖലയിൽ സൗകര്യങ്ങൾ ഉറപ്പുവരുത്തേണ്ടത്. എന്നിരുന്നാലും വേണ്ടത്ര ശ്രദ്ധ കിട്ടാത്ത പ്രധാനപ്പെട്ട ടൂറിസം മേഖലകളിലെ റോഡുകളുടേയും കനാലുകളുടേയും മറ്റും വികസനത്തിന് ടൂറിസം വകുപ്പ് സഹായിക്കുന്നുണ്ട്. കഴിഞ്ഞ 2 വർഷങ്ങളിൽ അത്തരത്തിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ സാക്ഷിപ്ത രൂപം അനുബന്ധമായി വയ്ക്കുന്നു.†

(സി) ഇല്ല. പ്രസ്തുത റോഡ് നാഷണൽ ഹൈവേ ആയതിനാൽ ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടത് നാഷണൽ ഹൈവേ ഡിപ്പാർട്ടുമെന്റാണ്. ടൂറിസം വകുപ്പ് ഇത്തരത്തിലൊരു പദ്ധതിയെപ്പറ്റി ആലോചിച്ചിട്ടില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly